പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7009 | 13.07.2012 ൽ മറുപടിയ്ക്ക്

**യുവജനക്ഷേമ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തനവും**

**ചോദ്യം**

ശ്രീ. പി.സി.വിഷ്ണുനാഥ്
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. വി.റ്റി.ബൽറാം
ശ്രീ. ഹൈബി ഈഡൻ

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തന രീതിയും എന്തൊക്കെയാണ് വിശദമാക്കുമോ;

**മറുപടി**

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുക എന്നതാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ മുഖ്യ ലക്ഷ്യം. യുവജനങ്ങളുടെ കലാ-കായിക, ശാസ്ത്ര — സാഹിത്യ/തൊഴിൽപരമായ വികാസത്തിന് പ്രധാനമായും താഴെപറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നത് ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു.

1. യുവജനങ്ങളെ പൌരബോധവും, സാമൂഹ്യ പ്രതിബദ്ധതയും, സാന്മാർഗ്ഗിക മൂല്യബോധമുള്ളവരും ആയ ഉത്തമ പൌരന്മാരായി വളർത്തിയെടുക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
2. പഞ്ചായത്ത് -ബ്ലോക്ക്-ജില്ല-സംസ്ഥാന തലങ്ങളിൽ യൂത്ത് സെന്ററുകൾ സ്ഥാപിക്കുകയും, യുവജനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.
3. വിവിധ വകുപ്പുകളുടെ നോഡൽ ഏജൻസി എന്ന നിലയിൽ തൊഴിൽപരമായ പദ്ധതികൾ / പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനായി പ്രവർത്തിക്കുക.
4. യുവജനങ്ങളിലെ തൊഴിൽപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി എംപ്ലോയ്മെന്റ് ജനറേറ്റിംഗ് ഏജൻസി (തൊഴിൽ ഉൽപ്പാദന ഏജൻസി) എന്ന നിലയിൽ പ്രവർത്തിക്കുക.
5. സ്വയം തൊഴിൽ പദ്ധതികൾ ഗ്രാമതലങ്ങളിൽ യൂത്ത് സെന്ററുകൾ വഴി നടപ്പിലാക്കുക.

6. യുവജനങ്ങളിലെ കഴിവുകൾ വികസിപ്പിക്കുന്നതിനും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനുമായി സാഹിത്യ – കല- കരകൌശല മേളകൾ, കായിക വിനോദങ്ങൾ, തൊഴിൽ മേളകൾ, പ്രദർശനങ്ങൾ എന്നിവ ഗ്രാമ-ബ്ലോക്ക്-ജില്ല-സംസ്ഥാന-ദേശീയ-അന്തർദേശീയ തലങ്ങളിൽ സംഘടിപ്പിക്കുക.

7. യുവജനങ്ങളിലെ പാരമ്പര്യ / നാടൻകലകളിലെ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകി തൊഴിലും, തൊഴിലവസരങ്ങളും നൽകുക.

8. യുവജനങ്ങളെ കേന്ദ്രീകരിച്ച് ജേർണലുകളും, സാഹിത്യ പ്രസിദ്ധീകരണങ്ങളും പ്രസിദ്ധപ്പെടുത്തുക.

9. സാമൂഹിക വിപത്തായ എച്ച്.ഐ.വി / എയ്ഡ്സ് എന്നിവയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഉടങ്ങിയ പൊതുതാല്പര്യ വിഷയങ്ങളെക്കുറിച്ച് സംസ്ഥാന തലത്തിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

10. വനിതാ ശാക്തീകരണത്തിനും, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും ആവശ്യമായ സ്കീമുകൾ തയ്യാറാക്കി നടപ്പിലാക്കുക.

11. ഗ്രാമ-ബ്ലോക്ക്-ജില്ല-സംസ്ഥാനതലത്തിൽ യൂത്ത് സെന്ററുകൾ മുഖേന ടാസ്ക് ഫോഴ്സ് രൂപീകരിക്കുക.

12. ബ്ലോക്ക്-ജില്ല-സംസ്ഥാനതലത്തിൽ യൂത്ത് അവാർഡ് നൽകുക.

(ബി) യുവജന ശാക്തീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനുമായി ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) & (സി) അനുബന്ധമായി വച്ചിട്ടുണ്ട്.

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

യുവജനശാക്തീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പ്രവർത്തിച്ചു വരുന്നു. യുവജനങ്ങളുടെ ഭൗതികവും, സാംസ്കാരികവും സാഹിത്യപരവും കലാകായികപരവും തൊഴിൽപരവുമായി സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ടുകൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്. SC/ST വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യവും നൽകുന്നുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

*1. കേരളോത്സവം*

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാ-കായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പി-ക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യമാണ് ഇതിനുള്ളത്. കേരളോത്സവം പ്രാഥമികതല മത്സരങ്ങൾ ഗ്രാമ/ബ്ലോക്ക്/ മുൻസിപ്പൽ/ കോർപ്പറേഷൻ തലത്തിലും രണ്ടാം ഘട്ടം ജില്ലാതലത്തിലും തുടർന്ന് സംസ്ഥാന തലത്തിലും സംഘടിപ്പിക്കുന്നു.

*2. സാഹസിക പരിപാടികൾ*

കേരളത്തിലെ യുവാക്കളിലെ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപ കേന്ദ്രവും പ്രവർത്തിക്കുന്നു.

*3. യുവശക്തി*

യുവജന ശാക്തീകരണത്തിന്റെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾക്ക് യഥാർത്ഥ താൽപ്പര്യമുള്ളവരെ കണ്ടെത്തി സ്വയംതൊഴിൽ ഏർപ്പാടാക്കാൻ സജ്ജമാക്കുന്ന ബൃഹത് പദ്ധതിയാണിത്. കേരളത്തിലെ 874 പഞ്ചായത്തുകളിൽ യുവശക്തി കോ-ഓർഡിനേറ്റർമാരെ നിയമിക്കുകയും സംസ്ഥാനത്തിന്റെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി യുവജനക്ഷേമ പദ്ധതികൾ തയ്യാറാക്കുക, ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുക, ലേബർ ബാങ്കുകളുടെ രൂപീകരണം എന്നിവയാണ് നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ.

*4. എംപ്ലോയ്മെന്റ് പ്രോഗ്രാം ഇൻഫർമേഷൻ സെന്റർ & യൂത്ത് സർവ്വീസസ് (ജാലകം)*

വിവര സാങ്കേതിക വിദ്യയുടെ അതിനൂതന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജാലകം. ഇൻഫർമേഷൻ സെന്റർ, വിജ്ഞാന കേന്ദ്രം, ഇന്റർനെറ്റ് സൗകര്യം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങി ഒട്ടനവധി പദ്ധതികൾക്ക് രൂപം നൽകുന്ന ജാലകത്തിന്റെ സോഫ്റ്റ് വെയർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. www.jalakam.kerala.gov.in. എന്ന വിലാസത്തിൽ ഈ ബൃഹത് പദ്ധതിയുടെ വിശദാംശം ലഭ്യമാണ്.

*5. യൂത്ത്ഫോറം*

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അതിബൃഹത്തായ യുവജന കൂട്ടായ്മയാണ്കേരള യൂത്ത് ഫോറം.വ്യത്യസ്തങ്ങളായ പരിപാടികളാണ് യൂത്ത് ഫോറത്തിൽ നടത്തുന്നത്. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിൽ യുവജനങ്ങളുടെ ഒത്തു ചേരൽ നടന്നിട്ടുള്ളത്. ആദ്യത്തെ യൂത്ത് ഫോറം 2007 ൽ തിരുവനന്തപുരത്തു വച്ചും, രണ്ടാമത്തേത് 2008 ൽ എറണാകുളത്തു വച്ചും സംഘടിപ്പിക്കുകയുണ്ടായി. 2010 ലെ യൂത്ത്ഫോറം മേയ് 20 മുതൽ 27 വരെ മലപ്പുറം ജില്ലയിൽ വച്ച് സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ 9 സംസ്ഥാനങ്ങളിലെ നൂറോളം യുവ പ്രതിഭകളും, കേരളത്തിലെ തദ്ദേശസ്വ

- / -

൨

യംഭരണ സ്ഥാപനങ്ങളിൽ നിന്നും, യൂത്ത്ക്ലബ്ബുകളിൽ നിന്നും യുവജനസംഘടനകളിൽ നിന്നും തെരഞ്ഞെടുത്ത 1500 പ്രതിനിധികളും പങ്കെടുത്തു.

### 6. ബോധവൽക്കരണ പരിപാടികൾ

സാമൂഹിക വിപത്തുകൾക്കും തിന്മകൾക്കുമെതിരെ യുവാക്കളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജന സംഘടനകൾ/ക്ലബ്ബുകൾക്ക് വിവിധ മേഖലകളിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ധനസഹായം നൽകുന്നു. എയ്ഡ്സ്, ക്യാൻസർ രോഗങ്ങളെ എങ്ങനെ ഫലപ്രദമായി പ്രതിരോധിക്കാം എന്നതിനെക്കുറിച്ചും, പുകവലി, മദ്യം, മയക്കുമരുന്ന്, പാൻമസാല, എന്നിവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ, പരിസ്ഥിതി സംരക്ഷണം, റോഡ് സുരക്ഷ, വിവരാവകാശം, ജല സംരക്ഷണം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണം എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

### 7. നാഷണൽ ഇന്റഗ്രേഷൻ പ്രോഗ്രാം

യുവജനങ്ങളിൽ ദേശീയോദ്ഗ്രഥനത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് എല്ലാ വർഷവും ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിലുള്ള യുവജനങ്ങളെ ഒരേ വേദിയിൽ അണിനിരത്തി വിവിധ തരത്തിലുള്ള കലകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, എന്നിവ അവതരിപ്പിക്കുന്നു. കൂട്ടായ്മയിലൂടെ രാജ്യത്തിന്റെ പുരോഗതിയ്ക്ക് യുവശക്തിയെ വളർത്തുന്നതിനുള്ള വേദിയാണ് ദേശീയോദ്ഗ്രഥന ക്യാമ്പുകൾ.

### 8. യുവഅതിഥി മന്ദിരം

രാജ്യത്തിനകത്തും പുറത്തുമുള്ള സഞ്ചാര പ്രിയരായ യുവജനങ്ങൾക്ക് വിവിധദേശം, ഭാഷ, സംസ്ക്കാരം ഇവ പരിചയപ്പെടുത്തുക വഴി ദേശീയോദ്ഗ്രഥനം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ വിവിധ ജില്ലകളിൽ യുവഅതിഥി മന്ദിരങ്ങൾ രൂപീകരിയ്ക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടം എന്ന നിലയിൽ മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ പുപ്പലം എന്ന സ്ഥലത്ത് യുവഅതിഥി മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്.

### 9. കൗമാരപ്രായക്കാരുടെ ശാക്തീകരണം, സനാഥബാല്യം പദ്ധതി

സംസ്ഥാന ജനസംഖ്യയുടെ 38% വരുന്ന യുവജനങ്ങളിൽ ഭൂരിഭാഗവും 13 മുതൽ 19 വരെ പ്രായമുള്ള കൗമാരക്കാരാണ്. ബാല്യം കടന്ന് യൗവനാരംഭത്തിന് മുൻപുള്ള ഈ കാലഘട്ടം വ്യക്തിയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ വളരെ സ്വാധീനം ചെലുത്തുന്നു. അപക്വമായ മനസ്സും, പൂർണ്ണ വളർച്ചയെത്തുന്ന ശരീരഘടനയും മൂലം ഈ വിഭാഗം മാനസികവും വൈകാരികവുമായ വളരെ സങ്കീർണ്ണമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നു. ഈ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ശാക്തീകരണത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതിയാണ് കൗമാര പ്രായക്കാരുടെ ശാക്തീകരണം - സനാഥ ബാല്യം പദ്ധതി.

വിദ്യാർത്ഥി സമൂഹത്തിൽപ്പെട്ട കൗമാരക്കാർ അധികവും ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളിലെ പഠിതാക്കളാണ്. അവർക്കായി ടീൻസ് ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ഒരു വിദ്യാഭ്യാസ ജില്ലയിലെ 6 സ്കൂളുകൾ വീതം തെരഞ്ഞെടുത്താണ് ടീൻസ് ക്ലബ്ബ് രൂപീകരിക്കുക.

അനാഥാലയങ്ങളിലും തെരുവിലും കഴിയുന്ന കൗമാരപ്രായക്കാരുടെ കുട്ടികൾക്ക് സനാഥബാല്യം എന്ന പരിപാടി സംഘടിപ്പിക്കും. ഇവരുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുകയാണ് ലക്ഷ്യം.

### 10. ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച്

വിവിധ രാജ്യങ്ങളുടെ പരമ്പരാഗത കലകൾ, സംസ്കാരം, കായിക വിനോദങ്ങൾ തുടങ്ങിയവ യുവാക്കൾക്ക് മനസ്സിലാക്കുന്നതിന് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് അന്തർദ്ദേശീയ യൂത്ത് എക്സ്ചേഞ്ച് പദ്ധതി ആരംഭിച്ചത്.

### 11. എക്സിബിഷൻ ഫോർ യൂത്ത്

യുവജനങ്ങളിൽ അന്തർലീനമായി കിടക്കുന്ന കലാവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കരകൗശല വസ്തുക്കൾ, പെയിന്റിംഗ് തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും

.പിൽക്കുന്നതിനുമായി അവസരം ഒരുക്കുകയാണ് എക്സിബിഷൻ ഫോർ യൂത്ത് എന്ന പദ്ധതിയിലൂടെ ബോർഡ് വിഭാവനം ചെയ്യുന്നത്.

*12. സ്വയംതൊഴിൽ പരിശീലനം*

ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യുവജന സംഘടനകൾക്ക് സ്വയംതൊഴിൽ പരിശീലന പദ്ധതികൾക്ക് ധനസഹായം നൽകി വരുന്നു. പ്രാദേശിക തൊഴിലിനങ്ങളായ ഡി.റ്റി.പി. കോഴ്സ്, ഇലക്ട്രിക് & ഇലക്ട്രോണിക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, ഓട്ടോറിക്ഷാ ഡ്രൈവിംഗ്, മൊബൈൽ ഫോൺ സർവ്വീസിംഗ് തുടങ്ങിയവയിലാണ് പ്രധാനമായും പരിശീലനം നൽകി വരുന്നത്. വളരെയധികം യുവജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് സ്വയംതൊഴിൽ പരിശീലനം.

*13. യുവനേതൃത്വ പരിശീലന ക്യാമ്പ്, മാധ്യമ പ്രവർത്തക ക്യാമ്പ്*

കേരളത്തിന്റെ വികസനത്തിന് നേതൃത്വ ഗുണമുള്ള യവജനങ്ങളെ വളർത്തിയെടുക്കുക വഴി യുവജന സമൂഹത്തിന് ക്രിയാത്മക നേതൃത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ യുവജന ക്ലബ്ബ് അംഗങ്ങൾക്കും യുവജന സംഘടനാ പ്രതിനിധികൾക്കുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവ സാമൂഹിക പ്രവർത്തന ക്യാമ്പ് ജില്ലാതലങ്ങളിലും സംസ്ഥാന തലങ്ങളിലും സംഘടിപ്പിച്ചു വരുന്നു.

*14. യുവകർമ്മസേന*

കേരളത്തിലെ യുവജനങ്ങളുടെ കർമ്മശേഷി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവകർമ്മസേനകൾ എല്ലാ ജില്ലയിലും രൂപീകരിക്കാൻ ഉദ്ദേശിച്ചത്. ഏത് ആപൽഘട്ടത്തിലും സർക്കാരിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കാൻ തയ്യാറുള്ള 50 യുവാക്കളടങ്ങിയ സംഘത്തെ ഓരോ പഞ്ചായത്തിലും സുസജ്ജമാക്കാനാണു ദ്ദേശിക്കുന്നത്. യുവകർമ്മസേനാംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി യൂണിഫോമും, ഐഡന്റിറ്റി കാർഡും നൽകുന്നതുവഴി അംഗങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടു ത്താവുന്നതാണ്.

*15. യൂത്ത് അവാർഡ്*

യുവജനങ്ങളിൽ സാമൂഹിക പ്രതിബദ്ധത വർദ്ധിപ്പിക്കുന്നതിനും അവരിൽ സേവന മനോഭാവം വളർത്തുന്നതിനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യൂത്ത് അവാഡ് ഏർപ്പെടുത്തിയിരിക്കുന്നു. ജില്ലാതലത്തിലും സംസ്ഥാനതല-ത്തിലുമാണ് അവാർഡ് നൽകുന്നത്. ജില്ലാതലത്തിലും സംസ്ഥാന-തലത്തിലും നല്ല പ്രവർത്തനം കാഴ്ച്ച വയ്ക്കുന്ന ക്ലബ്ബ്/ സംഘടനകൾക്കും യുവ സാമൂഹ്യ പ്രവർത്തകർക്കുമാണ് അവാർഡ് നൽകുന്നത്.

*16. വനിതാ ക്ലബ്ബുകൾ*

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവതീശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലുടനീളം 52 വനിതാ യൂത്ത് ക്ലബ്ബ് രൂപീകരിച്ചിട്ടുണ്ട്. ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി വനിതാ ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ പരിശീലന ശില്പശാല നടത്തുന്നതിനായി 2,000/- രൂപ വീതം നൽകിയിട്ടുണ്ട്. സാമൂഹ്യ വികസന പ്രക്രിയയിൽ സജീവമായി ഇടപെടുന്നതിന് യുവതികളുടെ ജീവിത നിലവാരം ഉയർത്തി സാമൂഹ്യ പദവി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ വനിതാ ക്ലബ്ബുകൾ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

*17. ട്രൈബൽ യൂത്ത് സെന്റർ*

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ആദിവാസി / ഗോത്ര വർഗ്ഗ യുവജനതയുടെ സമഗ്രവും സർവ്വതോന്മുഖവുമായ വികസനം ലക്ഷ്യമാക്കി കൊണ്ട് യുവജനക്ഷേമ ബോർഡ് പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹകരണ ത്തോടെ വയനാട് ജില്ലയിൽ ട്രൈബൽ യൂത്ത് ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുവാൻ ഉദ്ദേ ശിക്കുന്നു.

*18. ആദിവാസി കലാ മേളകൾ / നാടൻ കലാ മേളകൾ*

കേരളത്തിലെ ഗോത്ര വർഗ്ഗ വിഭാഗങ്ങളിൽ നിന്നും അന്യം നിന്നു പോകുന്ന കലക ളേയും മറ്റ് നാടൻ കലകളേയും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവ ജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും വിവിധ സ്ഥലങ്ങളിലായി നടത്തി വരാറുണ്ട്.

***19. ട്രെയിനിംഗ് ഫോർ യൂത്ത്***

തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുന്നതിനും യുവജനങ്ങൾക്ക് സ്വയംതൊഴിൽ പരിശീലനം നൽക്കുന്നതിലേയ്ക്കുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കൊച്ചിയിലെ കേരള സ്റ്റേറ്റ് ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനുമായി സഹകരിച്ച് സംസ്ഥാനത്തെ തെരഞ്ഞെടുത്ത യുവാക്കൾക്ക് 6 മാസം നീണ്ടു നിൽക്കുന്ന ബോട്ട് ക്രൂ പരിശീലനം നൽകിവരുന്നു.

***20. ദൃശ്യ മാധ്യമ പരിശീലനം***

ന്യൂസ് റീഡിംഗ്, കോമ്പയറിംഗ് തുടങ്ങി ഇലക്ട്രോണിക്ക് മാധ്യമങ്ങളിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുന്നതിന് കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നിന്നുള്ള 50 യുവജനങ്ങൾക്ക് പരിശീലനം നൽകുകയുണ്ടായി.

***21. യൂത്ത് ക്ലബ്ബ് അഫിലിയേഷൻ***

കേരളത്തിലുടനീളം സൊസൈറ്റി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന യുവജനക്ലബ്ബുകൾ / സന്നദ്ധ സംഘടനകൾക്ക് യുവജനക്ഷേമ ബോർഡ് അഫിലിയേഷൻ നൽകി വരുന്നു. ബോർഡിൽ അഫിലിയേഷൻ ഉള്ള ക്ലബ്ബുകൾ / സന്നദ്ധ സംഘടനകൾക്ക് മാത്രമേ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന പരിപാടികൾക്ക് സാമ്പത്തിക സഹായം നേടുവാൻ അർഹതയുള്ളൂ. കേരളത്തിലെ 14 ജില്ലകളിലുമായി നാലായിരത്തോളം ക്ലബ്ബുകൾ ബോർഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ

എസ്.എൽ.